# കോഴിക്കോട് പുതിയ ഷോറൂമുമായി ഫിനെസ്റ്റ

കോഴിക്കോട്: ഇന്ത്യയിലെ ഏറ്റവും വലിയ ജനൽ, വാതിൽ ബ്രാൻഡായ ഫിനെസ്റ്റ കോഴിക്കോട് പുതിയ ഷോറൂം തുറന്നു. ഓസോൺ ടെക് എന്ന ഷോറൂം കോഴിക്കോട് ജെയിൽ റോഡിൽ ഹോട്ടൽ സ്പാനിനടുത്തുള്ള കെറ്റ് സ്റ്റോ ബിൽഡിങ്ങിലാണ്. ഏറ്റവും മികച്ച യുപിവിസി ജനലുകളും വാതിലുകളും ഇവിടെ ലഭ്യമാകും.

ഉപഭോക്തൃ കേന്ദ്രീകൃത ബ്രാൻഡ് എന്ന നിലയിൽ ഉപഭോക്താക്കളോട് കൂടുതൽ അടുക്കുകയാണ് ഫിനെസ്റ്റയുടെ ലക്ഷ്യമെന്നും അതിനായി ഷോറൂം നെറ്റ്‌വർക്ക് വിപുലമാക്കുകയാണെന്നും ഫിനെസ്റ്റ ബിസിനസ് മേധാവി സാകേത് ജയിൻ പറഞ്ഞു. ഉപഭോക്താവിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് ലിവിങ് സ്പേസിനെ മഴ, പൊടി, ശബ്ദം, മലിനീകരണം എന്നിവയിൽ നിന്നും രക്ഷിക്കുന്ന പരിസ്ഥിതി സൗഹാർദ്ദമായ ആധുനികം രൂപകൽപ്പനയിലുള്ള ഉൽപ്പന്നങ്ങളാണ് ഫിനെസ്റ്റയിലുള്ളത്.